# كليــة دار الحســنات لتحفيــظ القــرآن الكــريم، كنادفرمبــا

# കണ്ണാടിപ്പറമ്പ് ദാറുൽ ഹസനാത്ത് ഹിഫ്ളുൽ ഖുർആൻ കോളേജ്


**RUN BY: കണ്ണാടിപ്പറമ്പ് ദാറുൽ ഹസനാത്ത് ഇസ്‌ലാമിക് കോംപ്ലക്സ്, നിടുവാട്ട്**

Kannadipparamb - 670 601, Kannur Dt, Ph. 0497 2797032, 9745589708, 9747544962. E- mail: darulhasanath@gmail.com, www.darulhasanath.com


## PROSPECTUS 2019 - 20

മനുഷ്യന്റെ ഇഹപര വിജയത്തിന്റെ പ്രധാന സ്രോതസ്സാണ് വിശുദ്ധ ഖുർആൻ. ഖുർആൻ സമ്പൂർണമായി മന:പാഠമാക്കാൻ അവസരം നൽകുകയാണ് കണ്ണൂർ കണ്ണാടിപ്പറമ്പ് ദാറുൽ ഹസനാത്ത് ഹിഫ്ളുൽ ഖുർആൻ കോളേജ്. 2009 ൽ സ്ഥാപിതമായ ഈ സ്ഥാപനം വൈജ്ഞാനിക കേന്ദ്രമായ കണ്ണാടിപ്പറമ്പ് ദാറുൽ ഹസനാത്ത് ഇസ്‌ലാമിക് കോംപ്ലക്സിനു കീഴിലാണ് പ്രവർത്തിച്ചുവരുന്നത്.

**ലക്ഷ്യം:**

വിശുദ്ധ ഖുർആൻ മന:പാഠമാക്കുക എന്നത് അല്ലാഹുവിൽ നിന്നും ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹമാണ്. ഖുർആൻ മന:പാഠമാക്കിയവർ സമൂഹത്തിലെ ഭാഗ്യശാലികളുമാണ്. ഇത്തരത്തിൽ ഖുർആൻ പരിപൂർണമായി ഹൃദിസ്ഥമാക്കിയ ഒരു തലമുറയെ വാർത്തെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ പരമ ലക്ഷ്യം.

**കോഴ്സ്:**

മൂന്ന് വർഷത്തെ കോഴ്സാണ് സ്ഥാപനം വിഭാവനം ചെയ്യുന്നത്. ഒന്നാം വർഷം എട്ടും രണ്ടാം വർഷം പന്ത്രണ്ടും മൂന്നാം വർഷം പത്ത് ജുസ്ഉകളും ആവശ്യമായ ദൗറയും പൂർത്തിയാക്കുന്നതാണ് ഹിഫ്ള് കോഴ്സ്.

**യോഗ്യത:**

1. സമസ്ത കേരള ഇസ്‌ലാംമത വിദ്യാഭ്യാസ ബോർഡിന്റെ **മൂന്നാം ക്ലാസ് പരീക്ഷ വിജയിച്ച 2019 മെയ് 25ന് ഒൻപത് വയസ്സ് കവിയാത്ത ആൺകുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്.** *(2010 മെയ് 25നോ അതിനു ശേഷമോ ജനിച്ച വിദ്യാർത്ഥിയായിരിക്കണം)*

2. ഈ വർഷത്തെ മൂന്നാം ക്ലാസ് പരീക്ഷ എഴുതിയവർക്കും അപേക്ഷിക്കാം.

3. വിശുദ്ധ ഖുർആൻ മനഃപാഠമാക്കുക എന്നത് ഏറെ മഹത്തായ പുണ്യ കർമമാണ്. അതേ സമയം വളരെ പ്രയാസകരവും ഗൗരവതരവുമായ ഉത്തരവാദിത്വമുള്ള ഭാരിച്ച യജ്ഞമത്രേ അത്. മനഃപാഠമാക്കാൻ നല്ല ബുദ്ധി ശക്തിയും താൽപര്യവുമുള്ള കുട്ടിയാണെന്നു മദ്രസയിലെ ഉസ്താദുമാർ മുഖേനയോ നേരിലോ ബോധ്യപ്പെട്ട കുട്ടികളെ മാത്രമേ ഈ വിഭാഗത്തിൽ പ്രവേശിപ്പിക്കാവൂ.

4. വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കിക്കഴിഞ്ഞതിനു ശേഷവും നിരന്തരമായി ആവർത്തിച്ചു കൊണ്ടിരിക്കേണ്ടതുണ്ട്. അതിനായി അനുകൂല സാഹചര്യങ്ങളൊരുക്കുന്ന കാര്യം ഇപ്പോൾ തന്നെ മനസ്സിൽ കാണേണ്ടതാണ്.

**സ്കൂൾ യോഗ്യത:**

അപേക്ഷകന്റെ സ്കൂൾ യോഗ്യതക്ക് പ്രത്യേക പരിധി നിശ്ചയിച്ചിട്ടില്ല. എങ്കിലും കൂട്ടൽ, കിഴിക്കൽ തുടങ്ങി പ്രാഥമിക കണക്കും അക്ഷരമാലയും നിർബന്ധമായി അറിഞ്ഞിരിക്കേണ്ടതാണ്. പ്രസ്തുത പ്രായപരിധിയിലെ വിദ്യാർഥികളുടെ വിവരവും പൊതു വിജ്ഞാനവും ഉണ്ടായിരിക്കേണ്ടതാണ്.

**അപേക്ഷാ ഫോറം:**

പ്രവേശനം ലഭിക്കുന്നതിന് 200 രൂപ നൽകി ദാറുൽ ഹസനാത്ത് ഇസ്‌ലാമിക് കോളേജ് ഓഫീസിൽ നിന്ന് അപേക്ഷാഫോറം വാങ്ങുകയും പൂർണമായി പൂരിപ്പിച്ച ഫോറം ജനന തിയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഫോട്ടോ കോപ്പി സഹിതം റമളാൻ 20 നോ അതിനു മുമ്പോ ആയി ഓഫീസിൽ തിരിച്ചെത്തിക്കുകയും ചെയ്യേണ്ടതാണ്.

അപേക്ഷാ ഫോറത്തിൽ ഏറ്റവും അടുത്ത് എടുക്കപ്പെട്ട പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ചിരിക്കണം. ഹാൾ ടിക്കറ്റിലേക്ക് ആവശ്യമായ മറ്റൊരു ഫോട്ടോ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഹാൾ ടിക്കറ്റ് അപേക്ഷകന് ഇന്റർവ്യൂ സമയത്ത് മാത്രം നൽകുന്നതാണ്. അപേക്ഷാഫോറം **www.darulhasanath.com** എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് (A4 സൈസ് പേപ്പറിൽ ഇരുവശത്തായി) പ്രിന്റ് ചെയ്യാവുന്നതുമാണ്.

**ഇന്റർവ്യൂ:**

1. ഇന്റർവ്യൂ ദിവസം പ്രായം തെളിയിക്കുന്നതിനായി സ്കൂൾ, പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് നൽകപ്പെട്ട ഏതെങ്കിലും ഒരു ഒറിജിനൽ സർട്ടിഫിക്കറ്റ് സഹിതം നിശ്ചിത തിയ്യതിക്കും സമയത്തും കുട്ടിയുമായി രക്ഷിതാവ് ഓഫീസിൽ ഹാജറാവേണ്ടതാണ്.

2. ഇന്റർവ്യൂ, അഡ്മിഷൻ ആവശ്യങ്ങൾക്കായി പുരുഷ രക്ഷിതാക്കൾ തന്നെ ഹാജറാവേണ്ടതാണ്.

3. വിദ്യാർത്ഥിയുടെ മൂന്നാം ക്ലാസ് പരീക്ഷാ മാർക്ക് ലിസ്റ്റ് മദ്രസയുടെ ഒറിജിനൽ ലെറ്റർ പാഡിൽ സീൽ വെച്ച് സ്വദർ മുഅല്ലിം സാക്ഷ്യപ്പെടുത്തിയത് ഇന്റർവ്യൂ ദിവസം ഹാജറാക്കേണ്ടതാണ്.

4. ഇന്റർവ്യൂ സമയം ഹാജറാക്കുന്ന രേഖ അപേക്ഷകന്റെ പ്രായം കൃത്യമായി തെളിയിക്കുന്നതിന് അപര്യാപ്തമായി വന്നാൽ ഓഫീസിൽ നിന്ന് നിശ്ചയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജറാക്കി വയസ്സ് തെളിയിക്കാൻ രക്ഷിതാവ് ബാധ്യസ്ഥനായിരിക്കും.

5. **ഇന്റർവ്യൂ 2019 ജൂൺ 15 ശനിയാഴ്ച** ദാറുൽ ഹസനാത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്.

6. **ഇന്റർവ്യൂ ഫലം** ഒരാഴ്ച്ചക്കകം ഓഫീസിൽ ബന്ധപ്പെട്ടോ വെബ്സൈറ്റ് വഴിയോ അറിയാവുന്നതാണ്.

**അഡ്മിഷൻ:**

തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ തിയ്യതി, സമയം, ആവശ്യമായ വസ്തുക്കൾ തുടങ്ങിയ വിവരം ഓഫീസിൽ നിന്ന് അറിയിക്കുന്നതാണ്.

വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, വിദ്യാഭ്യാസം എന്നിവ സൗജന്യമായിരിക്കും.

പ്രവേശനസമയത്ത് 500 രൂപ അഡ്മിഷൻ ഫീയും 500 രൂപ സ്റ്റുഡൻസ് അക്കൗണ്ടിലേക്കും നൽകേണ്ടതാണ്.

നിരവധി വിദ്യാർഥികളാണ് അഡ്മിഷനു വേണ്ടി ഹാജറാകുന്നത്. അവരിൽ കഴിവും പ്രാപ്തിയുമുള്ള വിദ്യാർത്ഥികളെ ഇന്റർവ്യു മുഖേന തെരഞ്ഞെടുക്കുകയാണ് നാം ചെയ്യുന്നത്. ആയതിനാൽ പരീക്ഷ പാസായി അഡ്മിഷൻ ലഭിച്ചാൽ നിയമവ്യവസ്ഥകൾക്ക് വിധേയമായി കോഴ്സ് പൂർത്തിയാക്കും വരെ കുട്ടിയെ പഠിപ്പിക്കാൻ രക്ഷിതാവ് തയ്യാറാകണമെന്ന് പ്രത്യേകം ഉണർത്തുന്നു.

**പ്രിൻസിപ്പൽ**

**വിശദ വിവരങ്ങൾക്ക്: 9747544962, 9745589708**